# ഓൺലൈൻ ഗണിതക്ലാസ്സ് - X - 12 ( 15 / 07 /2021 )

## 1. സമാന്തരശ്രേണികൾ - ക്ലാസ്സ് -10

കഴിഞ്ഞ ക്ലാസ്സിൽ നാം പഠിച്ചത് .

★ ഒന്നു മുതലുള്ള തുടർച്ചയായ കുറേ എണ്ണൽസംഖ്യകളുടെ തുക , അവസാനസംഖ്യയുടെയും അതിനടുത്ത എണ്ണൽസംഖ്യയുടെയും ഗുണനഫലത്തിന്റെ പകുതിയാണ് .

അതായത് , $1 + 2 + 3 + . . . + n = \frac{n\,(n+1)}{2}$

★ ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം , $x_n = an + b$ ആണെങ്കിൽ ,

അതിലെ ആദ്യത്തെ $n$ പദങ്ങളുടെ തുക

$$x_1 + x_2 + x_3 + . . . + x_n = a\frac{n\,(n+1)}{2} + bn$$

<u>പ്രവർത്തനം 1</u> ( ആദ്യത്തെ $n$ ഇരട്ടസംഖ്യകളുടെ തുക )

എണ്ണൽസംഖ്യകളെ 2 കൊണ്ട് ഗുണിച്ച് കിട്ടുന്നവയാണല്ലോ ഇരട്ടസംഖ്യകൾ .

| സ്ഥാനം | 1 | 2 | 3 | 10 | 50 | 100 | $n$ |
|---|---|---|---|---|---|---|---|
| ഇരട്ടസംഖ്യ | 2 x 1 = 2 | 2 x 2 = 4 | 2 x 3 = 6 | 2 x 10 = 20 | 2 x 50 = 100 | 2 x 100 = 200 | 2 x $n$ = 2$n$ |

ആദ്യത്തെ $n$ എണ്ണൽസംഖ്യകളുടെ തുക = $1 + 2 + 3 + . . . + n = \frac{n\,(n+1)}{2}$

ആദ്യത്തെ $n$ ഇരട്ടസംഖ്യകളുടെ തുക $= 2 + 4 + 6 + . . . + 2n$

$= 2(\,1 + 2 + 3 + . . . + n\,)$

$= 2 \times \frac{n\,(n+1)}{2} = n\,(n+1)$

ആദ്യത്തെ $n$ ഇരട്ടസംഖ്യകളുടെ തുക $= n\,(n+1)$

**NOTE :**

| | | |
|---|---|---|
| ആദ്യത്തെ 10 ഇരട്ടസംഖ്യകളുടെ തുക | = | $10 \times 11 = 110$ |
| ആദ്യത്തെ 15 ഇരട്ടസംഖ്യകളുടെ തുക | = | $15 \times 16 = 240$ |
| ആദ്യത്തെ 20 ഇരട്ടസംഖ്യകളുടെ തുക | = | $20 \times 21 = 420$ |
| ആദ്യത്തെ 50 ഇരട്ടസംഖ്യകളുടെ തുക | = | $50 \times 51 = 2550$ |
| ആദ്യത്തെ 100 ഇരട്ടസംഖ്യകളുടെ തുക | = | $100 \times 101 = 10100$ |

## പ്രവർത്തനം 2 ( ആദ്യത്തെ $n$ ഒറ്റസംഖ്യകളുടെ തുക )

2 ന്റെ ഗുണിതങ്ങളിൽ നിന്ന് 1 കുറച്ചു കിട്ടുന്നവയാണല്ലോ ഒറ്റസംഖ്യകൾ .

| സ്ഥാനം | 1 | 2 | 3 | 10 | 50 | 100 | $n$ |
|---|---|---|---|---|---|---|---|
| ഒറ്റസംഖ്യ | 2 x 1 - 1<br>= 2 – 1<br>= 1 | 2 x 2 - 1<br>= 4 – 1<br>= 3 | 2 x 3 - 1<br>= 6 – 1<br>= 5 | 2 x 10 - 1<br>= 20 – 1<br>= 19 | 2 x 50 - 1<br>= 100 – 1<br>= 99 | 2 x 100-1<br>= 200 – 1<br>= 199 | 2 x $n$ - 1<br>= 2 $n$ – 1 |

ആദ്യത്തെ $n$ ഒറ്റസംഖ്യകളുടെ തുക $= 1 + 3 + 5 + \ldots + 2n-1$

$= 2-1 + 4-1 + 6-1 + \ldots + 2n-1$

$n$ എണ്ണം

$= 2 + 4 + 6 + \ldots + 2n \underbrace{- 1 - 1 - 1 - \ldots - 1}_{n}$

$= n(n+1) - 1 \times n = n^2 + n - n = n^2$

**ആദ്യത്തെ $n$ ഒറ്റസംഖ്യകളുടെ തുക $= n^2$**

**NOTE :**

**a)** $1 + 2 + 3 + \ldots + n = \dfrac{n(n+1)}{2}$

**b)** $2 + 4 + 6 + \ldots + 2n = 2(1 + 2 + 3 + \ldots + n) = 2 \times \dfrac{n(n+1)}{2} = n(n+1)$

**c)** $1 + 3 + 5 + \ldots + (2n-1) = n(n+1) - 1 \times n = n^2 + n - n = n^2$

| |
|---|
| ആദ്യത്തെ 10 ഒറ്റസംഖ്യകളുടെ തുക $= 10^2 = 100$ |
| ആദ്യത്തെ 15 ഒറ്റസംഖ്യകളുടെ തുക $= 15^2 = 225$ |
| ആദ്യത്തെ 20 ഒറ്റസംഖ്യകളുടെ തുക $= 20^2 = 400$ |
| ആദ്യത്തെ 50 ഒറ്റസംഖ്യകളുടെ തുക $= 50^2 = 2500$ |
| ആദ്യത്തെ 100 ഒറ്റസംഖ്യകളുടെ തുക $= 100^2 = 10000$ |

**പ്രവർത്തനം 3** ( 4 ന്റെ ആദ്യത്തെ $n$ ഗുണിതങ്ങളുടെ തുക )

എണ്ണൽസംഖ്യകളെ 4 കൊണ്ട് ഗുണിച്ച് കിട്ടുന്നവയാണല്ലോ 4 ന്റെ ഗുണിതങ്ങൾ .

4 ന്റെ ആദ്യത്തെ $n$ ഗുണിതങ്ങളുടെ തുക $= 4 + 8 \quad 12 + \ldots + 4n$

$$= 4(1 + 2 + 3 + \ldots + n)$$

$$= 4 \times \frac{n(n+1)}{2}$$

$$= 2 \times n(n+1) = 2(n^2 + n) = 2n^2 + 2n$$

**NOTE :**

| സമാന്തരശ്രേണി | ബീജഗണിതരൂപം | ആദ്യത്തെ $n$ പദങ്ങളുടെ തുക |
|---|---|---|
| 1 , 2 , 3 , . . . | $n$ | $\frac{n(n+1)}{2}$ |
| 2 , 4 , 6 , . . . | $2n$ | $2 \times \frac{n(n+1)}{2} = n(n+1)$ |
| 1 , 3 , 5 , . . . | $2n - 1$ | $2 \times \frac{n(n+1)}{2} - n = n^2$ |
| 4 , 8 , 12 , . . . | $4n$ | $4 \times \frac{n(n+1)}{2} = 2n^2 + 2n$ |

## പ്രവർത്തനം 4 ( സമാന്തരശ്രേണിയുടെ തുക കാണുന്ന മറ്റൊരു രീതി )

ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം , $x_n = an + b$ ആണെങ്കിൽ , അതിലെ ആദ്യത്തെ $n$ പദങ്ങളുടെ തുക

$$x_1 + x_2 + x_3 + \ . \ . \ . + x_n = a\frac{n(n+1)}{2} + bn$$

ആണെന്ന് നാം കണ്ടു .

$$a\frac{n(n+1)}{2} + bn = n\left(\frac{a(n+1)}{2} + b\right)$$

$$= n\left(\frac{a(n+1)}{2} + \frac{2b}{2}\right)$$

$$= \frac{n}{2}\left[\left(a(n+1) + 2b\right)\right]$$

$$= \frac{n}{2}\left[an + a + 2b\right]$$

$$= \frac{n}{2}\left[an + a + b + b\right]$$

$$= \frac{n}{2}\left[(an + b) + (a + b)\right]$$

$$= \frac{n}{2}\left[(an + b) + (a + b)\right]$$

$$= \frac{n}{2}\left[x_n + x_1\right]$$

( NOTE : $x_n = an + b$ , $x_1 = a + b$ )

## കണ്ടെത്തൽ

**ഒരു സമാന്തരശ്രേണിയുടെ തുടർച്ചയായ കുറേ പദങ്ങളുടെ തുക , ആദ്യത്തേയും അവസാനത്തെയും പദങ്ങളുടെ തുകയെ പദങ്ങളുടെ എണ്ണം കൊണ്ടു ഗുണിച്ചതിന്റെ പകുതിയാണ്**

$$x_1 + x_2 + x_3 + \ . \ . \ . + x_n = \frac{n}{2}\left(x_1 + x_n\right)$$

## പ്രവർത്തനം 5

5 , 8 , 11 , . . . സമാന്തരശ്രേണി പരിഗണിക്കുക .

a) ഈ ശ്രേണിയുടെ പൊതുവ്യത്യാസമെത്ര ?

b) ഈ ശ്രേണിയിലെ 20-)൦ പദമെത്ര ?

c) ഈ ശ്രേണിയിലെ ആദ്യത്തെ 20 പദങ്ങളുടെ തുക കണക്കാക്കുക .

**ഉത്തരം**

a) പൊതുവ്യത്യാസം = $8 - 5 = 3$

b) $x_{20} = x_1 + 19d = 5 + (19 \times 3) = 5 + 57 = 62$

c) ആദ്യത്തെ 20 പദങ്ങളുടെ തുക $= \frac{20}{2}(x_1 + x_{20})$

$$= \frac{20}{2} \times (5 + 62)$$

$$= \frac{20}{2} \times 67 = 670$$

## പ്രവർത്തനം 6 ( തുകയുടെ ബീജഗണിതരൂപം )

ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം , $x_n = an + b$ ആണെങ്കിൽ , അതിലെ ആദ്യത്തെ $n$ പദങ്ങളുടെ തുക

$$x_1 + x_2 + x_3 + . . . + x_n = a\frac{n(n+1)}{2} + bn$$

ആണെന്ന് നാം കണ്ടു .

$$a\frac{n(n+1)}{2} + bn = \frac{a}{2}(n(n+1)) + bn$$

$$= \frac{a}{2}(n^2 + n) + bn$$

$$= \frac{a}{2}n^2 + \frac{a}{2}n + bn$$

$$= \frac{a}{2}n^2 + (\frac{a}{2} + b)n$$

ഇതിൽ $\frac{a}{2}$ , $\frac{a}{2} + b$ എന്നിവ ശ്രേണിയുമായി ബന്ധപ്പെട്ട നിശ്ചിതസംഖ്യകളാണല്ലോ .

( $a = d$ , $b = f - d$ ആണെന്ന് നാം നേരത്തെ കണ്ടല്ലോ )

അപ്പോൾ തുക $n^2$ നെയും $n$ നെയും നിശ്ചിതസംഖ്യകൾകൊണ്ടു ഗുണിച്ച് കൂട്ടിയതാണ് .

അതായത് ,

| ഏതു സമാന്തരശ്രേണിയുടെയും തുകയുടെ ബീജഗണിതരൂപം $pn^2 + qn$ എന്നാണ് |
|---|

$$\left( p = \frac{a}{2} \quad , \quad q = \frac{a}{2} + b \right)$$

ഇവിടെ $p + q = \frac{a}{2} + \left(\frac{a}{2} + b\right) = a + b = f$

അതായത് $p$ പൊതുവ്യത്യാസത്തിന്റെ പകുതിയും , $p + q$ ആദ്യപദവുമായിരിക്കും .

**NOTE :**

ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം , $x_n = an + b$ ആയാൽ

**a)** $a = d$ ( $d$ = പൊതുവ്യത്യാസം )

**b)** $b = f - d$ ( $f$ = ആദ്യപദം )

**c)** തുകയുടെ ബീജഗണിതരൂപം = $pn^2 + qn$

**d)** $p = \frac{d}{2}$

**e)** $p + q = f$

## പ്രവർത്തനം 7

5 , 9 , 13 , . . . എന്ന സമാന്തരശ്രേണിയുടെ

a) ബീജഗണിതരൂപമെഴുതുക ?

b) ആദ്യത്തെ $n$ പദങ്ങളുടെ തുകയെന്ത് ?

## ഉത്തരം

a) $x_n = dn + f - d = 4n + 5 - 4 = 4n + 1$ $(f = 5 \ , \ d = 9 - 5 = 4)$

b)

ആദ്യത്തെ $n$ പദങ്ങളുടെ തുക $= pn^2 + qn$

$= 2n^2 + 3n$

( $p = \frac{d}{2} = \frac{4}{2} = 2$

$p + q = f$

$2 + q = 5$

$q = 5 - 2 = 3$ )

**OR**

ആദ്യത്തെ $n$ പദങ്ങളുടെ തുക $= 4 \times \frac{n(n+1)}{2} + n = 2n(n+1) + n$

$= 2n^2 + 2n + n = 2n^2 + 3n$

**പ്രവർത്തനം 8**

ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ $n$ പദങ്ങളുടെ തുക $3n^2 + 2n$ ആണ് . ഈ ശ്രേണി യുടെ ബീജഗണിതരൂപമെഴുതുക .

**ഉത്തരം**

ആദ്യത്തെ $n$ പദങ്ങളുടെ തുക $= 3n^2 + 2n$

$x_n = dn + f - d$

$= 6n + 5 - 6 = 6n - 1$

$p = \frac{d}{2}$ , $p + q = f$

$\frac{d}{2} = 3 \rightarrow d = 3 \times 2 = 6$

$f = 3 + 2 = 5$

**OR**

ആദ്യത്തെ $n$ പദങ്ങളുടെ തുക $= 3n^2 + 2n$

ആദ്യപദം $= 3 \times 1^2 + 2 \times 1 = 3 \times 1 + 2 = 3 + 2 = 5$

ആദ്യത്തെ 2 പദങ്ങളുടെ തുക $= 3 \times 2^2 + 2 \times 2 = 3 \times 4 + 4 = 12 + 4 = 16$

$\Longrightarrow x_1 + x_2 = 16$

$5 + x_2 = 16 \Longrightarrow x_2 = 16 - 5 = 11$

$d = 11 - 5 = 6$

$x_n = dn + f - d$

$= 6n + 5 - 6 = 6n - 1$

## പ്രവർത്തനം 9 ( സംഖ്യാക്രമം - 1 )

താഴെക്കൊടുത്തിരിക്കുന്ന സംഖ്യാക്രമം ശ്രദ്ധിക്കൂ .

1

2 3

4 5 6

7 8 9 10

.......................................

................................................

ഇവിടെ ഒന്നാമത്തെ വരിയിൽ ഒരു സംഖ്യ , രണ്ടാമത്തെ വരിയിൽ രണ്ടു സംഖ്യകൾ , മൂന്നാമത്തെ വരിയിൽ മൂന്നു സംഖ്യകൾ , നാലാമത്തെ വരിയിൽ നാലു സംഖ്യകൾ , . . . എന്ന ക്രമത്തിലാണ് സംഖ്യകൾ എഴുതിയിരിക്കുന്നത് . ഇങ്ങനെ തുടർന്നാൽ $n$ -)മത്തെ വരിയിൽ $n$ സംഖ്യകളുണ്ടാകും

**ഈ സംഖ്യാക്രമത്തിലെ $n$ -)മത്തെ വരിയിൽ $n$ സംഖ്യകളുണ്ടാകും .**

| | | |
|---|---|---|
| ഒന്നാമത്തെ വരിയിലെ അവസാനസംഖ്യ | 1 | 1 |
| രണ്ടാമത്തെ വരിയിലെ അവസാനസംഖ്യ | 3 | 1 + 2 |
| മൂന്നാമത്തെ വരിയിലെ അവസാനസംഖ്യ | 6 | 1 + 2 + 3 |
| നാലാമത്തെ വരിയിലെ അവസാനസംഖ്യ | 10 | 1 + 2 + 3 + 4 |

1

2 3 = 1 + 2

4 5 6 = 1 + 2 + 3

7 8 9 10 = 1 + 2 + 3 + 4

.......................................

................................................

| | സംഖ്യകളുടെ എണ്ണം | അവസാനത്തെ സംഖ്യ | |
|---|---|---|---|
| ഒന്നാമത്തെ വരി | 1 | 1 | 1 |
| രണ്ടാമത്തെ വരി | 2 | 1 + 2 | 3 |
| മൂന്നാമത്തെ വരി | 3 | 1 + 2 + 3 | 6 |
| നാലാമത്തെ വരി | 4 | 1 + 2 + 3 + 4 | 10 |
| അഞ്ചാമത്തെ വരി | 5 | 1 + 2 + 3 + 4 + 5 | 15 |
| ആറാമത്തെ വരി | 6 | 1 + 2 + 3 + 4 + 5 + 6 | 21 |
| ഏഴാമത്തെ വരി | 7 | 1 + 2 + 3 + 4 + 5 + 6 + 7 | 28 |
| എട്ടാമത്തെ വരി | 8 | 1 + 2 + 3 + 4 + 5 + 6 + 7 + 8 | 36 |
| ഒൻപതാമത്തെ വരി | 9 | 1 + 2 + 3 + 4 + 5 + 6 + 7 + 8 + 9 | 45 |
| പത്താമത്തെ വരി | 10 | 1 + 2 + 3 + 4 + 5 + 6 + 7 + 8 + 9 + 10 | 55 |

$n$ -)മത്തെ വരിയിലെ അവസാന സംഖ്യ = $1 + 2 + 3 + . . . + n$

$$\left( 1 + 2 + 3 + . . . + n = \frac{n\ (n+1)}{2} \right)$$

**കണ്ടെത്തലുകൾ**

ഈ സംഖ്യാക്രമത്തിലെ ,

a) $n$ -)മത്തെ വരിയിൽ $n$ സംഖ്യകളുണ്ടാകും .

b) $n$ -)മത്തെ വരിയിലെ അവസാന സംഖ്യ = $1 + 2 + 3 + . . . + n = \frac{n\ (n+1)}{2}$

## പ്രവർത്തനം 10

**താഴെക്കൊടുത്തിരിക്കുന്ന സംഖ്യാക്രമം ശ്രദ്ധിക്കൂ .**

**1**

**2 3**

**4 5 6**

**7 8 9 10**

**.......................................**

**................................................**

**a) ഈ സംഖ്യാക്രമത്തിലെ അടുത്ത രണ്ടു വരികൾ കൂടി എഴുതുക .**

**b) പത്താമത്തെ വരിയിൽ എത്ര സംഖ്യകൾ ഉണ്ടാകും ?**

**c) ഒൻപതാമത്തെ വരിയിലെ അവസാനത്തെ സംഖ്യയേത് ?**

**d) പത്താമത്തെ വരിയിലെ ആദ്യസംഖ്യയേത് ?**

**e) പത്താമത്തെ വരിയിലെ അവസാനത്തെസംഖ്യയേത് ?**

**f) പത്താമത്തെ വരിയിലെ സംഖ്യകളുടെ തുകയെത്ര ?**

## ഉത്തരം

**a) 11 12 13 14 15**

**16 17 18 19 20 21**

**b) പത്താമത്തെ വരിയിലെ സംഖ്യകളുടെ എണ്ണം** = 10

**c) ഒൻപതാമത്തെ വരിയിലെ അവസാനത്തെ സംഖ്യ** = $\frac{9 \times 10}{2} = 45$

**d) പത്താമത്തെ വരിയിലെ ആദ്യസംഖ്യ** = 46

**e) പത്താമത്തെ വരിയിലെ അവസാനത്തെ സംഖ്യ** = $\frac{10 \times 11}{2} = 55$

**f) പത്താമത്തെ വരിയിലെ സംഖ്യകളുടെ തുക** = $\frac{10}{2} \times (46 + 55) = \frac{10}{2} \times 91 = 455$

**പ്രവർത്തനം 11** ( സംഖ്യാക്രമം - 2 )

താഴെക്കൊടുത്തിരിക്കുന്ന സംഖ്യാക്രമം ശ്രദ്ധിക്കൂ .

5

8 11

14 17 20

23 26 29 32

.........................................

...................................................

5 , 8 , 11 , . . . എന്ന സമാന്തരശ്രേണിയുടെ ബീജഗണിതരൂപം = $d\,n + f - d$

$= 3\,n + 5 - 3 = 3\,n + 2$

എണ്ണൽസംഖ്യകളെ 3 കൊണ്ടു ഗുണിച്ചു 2 കൂട്ടികിട്ടുന്നതാണ് ഈ ശ്രേണിയിലെ പദങ്ങൾ .

അതായത് 1 , 2 , 3 , . . . എന്ന സമാന്തരശ്രേണിയിലെ പദങ്ങളെ 3 കൊണ്ടു ഗുണിച്ചു 2 കൂട്ടികിട്ടുന്നതാണ് 5 , 8 , 11 , . . . എന്ന സമാന്തരശ്രേണിയിലെ പദങ്ങൾ .

അതായത് ,

1

2 3

4 5 6

7 8 9 10

.........................................

................................................... എന്ന സംഖ്യാക്രമത്തിലെ സംഖ്യകളെ 3 കൊണ്ടു ഗുണിച്ചു 2 കൂട്ടികിട്ടുന്നതാണ് മുകളിൽ തന്നിരിക്കുന്ന സംഖ്യാക്രമത്തിലെ സംഖ്യകൾ .

ഉദാ:

സംഖ്യാക്രമം 1 ലെ അഞ്ചാമത്തെ വരിയിലെ അവസാനസംഖ്യ $= \frac{5 \times 6}{2} = 15$

സംഖ്യാക്രമം 2 ലെ അഞ്ചാമത്തെ വരിയിലെ അവസാനസംഖ്യ $= 3 \times 5 + 2 = 15 + 2 = 17$

സംഖ്യാക്രമം 1 ലെ പത്താമത്തെ വരിയിലെ അവസാനസംഖ്യ $= \frac{10 \times 11}{2} = 55$

സംഖ്യാക്രമം 2 ലെ പത്താമത്തെ വരിയിലെ അവസാനസംഖ്യ $= 3 \times 55 + 2 = 165 + 2 = 167$

## പ്രവർത്തനം 12

താഴെക്കൊടുത്തിരിക്കുന്ന സംഖ്യാക്രമം ശ്രദ്ധിക്കൂ .

5

8 11

14 17 20

23 26 29 32

........................................

..................................................

a) ഈ സംഖ്യാക്രമത്തിലെ അടുത്ത രണ്ടു വരികൾ കൂടി എഴുതുക .

b) പത്താമത്തെ വരിയിൽ എത്ര സംഖ്യകൾ ഉണ്ടാകും ?

c) ഒൻപതാമത്തെ വരിയിലെ അവസാനത്തെ സംഖ്യയേത് ?

d) പത്താമത്തെ വരിയിലെ ആദ്യസംഖ്യയേത് ?

e) പത്താമത്തെ വരിയിലെ അവസാനത്തെസംഖ്യയേത് ?

f) പത്താമത്തെ വരിയിലെ സംഖ്യകളുടെ തുകയെത്ര ?

## ഉത്തരം

a) 35 38 41 44 47

50 53 56 59 62 65



ഗണിതം

**b) പത്താമത്തെ വരിയിലെ സംഖ്യകളുടെ എണ്ണം** = 10

**c) ഒൻപതാമത്തെ വരിയിലെ അവസാനത്തെ സംഖ്യ** = $3 \times \left(\frac{9 \times 10}{2}\right) + 2$

$= 3 \times 45 + 2 = 135 + 2 = 137$

**d) പത്താമത്തെ വരിയിലെ ആദ്യസംഖ്യ** = $137 + 3 = 140$

**e) പത്താമത്തെ വരിയിലെ അവസാനത്തെ സംഖ്യ** = $3 \times \left(\frac{10 \times 11}{2}\right) + 2$

$= 3 \times 55 + 2 = 165 + 2 = 167$

**f) പത്താമത്തെ വരിയിലെ സംഖ്യകളുടെ തുക** = $\frac{10}{2} \times (140 + 167) = \frac{10}{2} \times 307 = 1535$

വണ്ടൂർ ഗണിതം